(ബി) ഇതിനുവേണ്ടി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രദേശത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന സൗന്ദര്യവൽക്കരണ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടൂറിസം വികസന പരിപാടിയുമായി സംയോജിപ്പിച്ച് ലാന്റിംഗ് സെന്റർ കൂടുതൽ ആകർഷകമാക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 4 പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയും 1 പ്രാവശ്യം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും പങ്കെടുത്തില്ല.

(ബി) കണയംകോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിശദമായ ഡ്രോയിംഗുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്

138 (3770) ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മിറ്റി, യാതൊരു ശാസ്ത്രീയ പഠനവും നടത്താതെ ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശരിയായ ശാസ്ത്രീയ പഠനത്തെ തുടർന്ന് സമർപ്പിക്കപ്പെട്ട മുരാരി കമ്മിറ്റി റിപ്പോർട്ടിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ മുൻനിർത്തിയുള്ള ശിപാർശകളെ പാടെ അട്ടിമറിക്കുന്നതാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് അവശ്യപ്പെടാൻ തയ്യാറാകുമോ ;

(ഡി) എങ്കിൽ ഏതു രീതിയിലാണ് ഈ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപ്പര്യങ്ങളെ മുൻനിർത്തിയുള്ള മുരാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകൾക്കും കടക വിരുദ്ധമായുള്ള ശിപാർശകളാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിൽ ഉള്ളത്

(സി&ഡി) മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും പ്രതികൂലമായി ബാധിക്കുന്ന കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കാൻ കഴിയില്ലെന്ന വിവരം കേന്ദ്ര സർക്കാരിനെ സർക്കാർ കത്തു മുഖേന അറിയിച്ചിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗ്

139 (3771) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോരപ്പുഴ തീരത്ത് കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗ് സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(സി) ഈ പ്രദേശത്ത് വളർന്നുവരുന്ന ടൂറിസം മേഖലയിലെ സാദ്ധ്യതകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഫിഷ് ലാന്റിംഗ് സെന്ററിന്റെ മാതൃകയിൽ ടൂറിസം വകുപ്പിന്റെ പരിഷ്കരണ നിർദ്ദേശങ്ങൾ പരിഗണിക്കാമോ ;

(ഡി) കണയംകോട് ഇൻലാന്റ് ഫിഷ് ലാന്റിംഗിനു വേണ്ടി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പ്രവൃത്തിക്ക് 4 പ്രാവശ്യം ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു പ്രാവശ്യം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്യുവെങ്കിലും ആരും പങ്കെടുത്തിട്ടില്ല.

(സി) പരിഗണനയിലില്ല.

(ഡി) ഈ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിശദമായ ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

.* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly